*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

126th Issue - Volume 4, No. 7 ജാഗ്രത 2nd March 2010

*സി. അഭയാകേസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രമുഖ രാഷ്ട്രീയനേതാക്കളിൽനിന്നും വിദേശമലയാളികളിൽനിന്നും സാമ്പത്തികസഹായം സ്വീകരിച്ചിട്ടുണ്ടെന്ന് ജോമോൻ പുത്തൻപുരയ്ക്കൽ സുപ്രീം കോടതിയിൽ സത്യവാങ്മൂലത്തിൽ നൽകിയ വെളിപ്പെടുത്തലുകൾ അതീവഗുരുതരമെന്ന് കെസിബിസി ജാഗ്രതാസമിതി അഭിപ്രായപ്പെട്ടു.*

***



## പ്രധാനവാർത്തകൾ

ക്രൈസ്തവർക്കു നല്കാനാവുന്നത് വിശ്വാസത്തിന്റെ മികച്ച സാക്ഷ്യം: മാർ ക്ലീമിസ് കാതോലിക്കാബാവാ

---

നവസഭാ സമൂഹങ്ങൾ ദൈവവചനത്തെ ഇടുങ്ങിയ ചിന്താഗതിയോടെ വീക്ഷിക്കുന്നു: മാർ ജോസഫ് പവ്വത്തിൽ

---

ദൈവനിവേശിതമായ ജീവിതം സന്ദേശമാക്കുമ്പോൾ പൗരോഹിത്യം സാർഥകമാകും:

കർദിനാൾ മാർ വർക്കി വിതയത്തിൽ

---

വിശ്വാസികളുടെ പ്രാർഥന ആത്മവിശ്വാസം പകരുന്നു:

ഡോ. ഫ്രാൻസീസ് ് കല്ലറയ്ക്കൽ

---

സാമൂഹികസേവനത്തിൽ ഇടപെടുന്നവരായി യുവാക്കൾ മാറണം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്

---

പരിസ്ഥിതി ദുർബല പ്രദേശ പ്രഖ്യാപനം പ്രതിഷേധാർഹം:

കാത്തലിക് ഫെഡറേഷൻ

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## ക്രൈസ്തവർക്കു നല്കാനാവുന്നത് വിശ്വാസത്തിന്റെ മികച്ച സാക്ഷ്യം: മാർ ക്ലീമിസ് കാതോലിക്കാബാവാ



ഇന്ത്യയിൽ ക്രൈസ്തവരുടെ എണ്ണം ജനസംഖ്യയുടെ മൂന്നുശതമാനത്തിൽ താഴെ മാത്രമാണെങ്കിലും വിശ്വാസത്തിൽ മികച്ച സാക്ഷ്യം നല്കാൻ അവർക്കു കഴിയുന്നുണ്ടെന്ന് മലങ്കര കത്തോലിക്കാസഭാ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. ഗോഹട്ടയിൽ നടക്കുന്ന സിബിസിഐ കോൺഫറൻസിൽ മലങ്കര റീത്തിൽ കുർബാന അർപ്പിച്ചു സന്ദേശം നല്കുകയായിരുന്നു അദ്ദേഹം. ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ നേർസാക്ഷ്യമായി ക്രൈസ്തവർ മാറണമെന്നും അദ്ദേഹം പറഞ്ഞു. യുവത്വത്തെ ബാധിക്കുന്ന വിവിധ വിഷയങ്ങളെപ്പറ്റി ബിഷപ്പുമാരുടെ സമ്മേളനം ചർച്ച നടത്തി. വികസനം, ആത്മീയത, ഇടവക, ദാരിദ്ര്യവും മതമൗലികവാദവും, മാധ്യമങ്ങൾ, ലൈംഗികത, മദ്യം മയക്കുമരുന്ന് എന്നീ വിഷയങ്ങളെപ്പറ്റിയാണ് ചർച്ച നടന്നത്. സമ്മേളനത്തിൽ പങ്കെടുത്ത 13 പ്രവിശ്യകളിൽ നിന്നുള്ള പ്രതിനിധികൾ സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി. തുടർന്ന് ബിഷപ്പുമാരും യുവജന പ്രതിനിധികളുമായി സംവാദം നടത്തി. ഇതിൽ നിന്നു ലഭിച്ച ആശയങ്ങൾ ബിഷപ്പുമാർക്ക് കൈമാറി.

## നവസഭാ സമൂഹങ്ങൾ ദൈവവചനത്തെ ഇടുങ്ങിയ ചിന്താഗതിയോടെ വീക്ഷിക്കുന്നു: മാർ ജോസഫ് പവ്വത്തിൽ



നവസഭാ സമൂഹങ്ങൾ ദൈവവചനത്തെ ഇടുങ്ങിയ ചിന്താഗതിയോടെയാണ് വീക്ഷിക്കുന്നതെന്ന് ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ. കോട്ടയം കാത്തലിക് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കോട്ടയം കാത്തലിക് കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. വിശുദ്ധ ഗ്രന്ഥവും സഭയുടെ പാരമ്പര്യവും തമ്മിൽ വേർപെടുത്തി വ്യാഖ്യാനിക്കാൻ കഴിയില്ല. സഭയോട് ചേരാതെ ആർക്കും വിശുദ്ധ ഗ്രന്ഥത്തെ മനസിലാക്കാൻ കഴിയില്ല. ചിലർ വിശുദ്ധ ഗ്രന്ഥത്തിന്റെ വ്യാഖ്യാനം മാത്രം നടത്താനാണ് ശ്രമിക്കുന്നത്. സഭയുടെ പാരമ്പര്യത്തെക്കുറിച്ച് അവർ ബോധവാൻമാരല്ല. ഓരോ ക്രൈസ്തവനും സഭയുടെ ഭാഗമാണെന്ന് ബോധ്യമുണ്ടാവണമെന്നും സഭയുടെ പാരമ്പര്യമനുസരിച്ച് പ്രവർത്തിക്കണമെന്നും ആർച്ച് ബിഷപ് കൂട്ടിച്ചേർത്തു. ബിഷപ് ഡോ. പീറ്റർ തുരുത്തിക്കോണം സന്നിഹിതനായിരുന്നു. കെ.സി.എം പ്രസിഡന്റ് മോൺ. ജോസ് നവസ്, വൈസ് പ്രസിഡന്റ് ഫാ. തോമസ് കരിമ്പുംകാലായിൽ എന്നിവർ പ്രസംഗിച്ചു. കൺവൻഷനും ധ്യാനശുശ്രൂഷയ്ക്കും ഫാ. സേവ്യർഖാൻ വട്ടായിൽ നേതൃത്വം നല്കുന്നു. ചങ്ങനാശേരി, കോട്ടയം, വിജയപുരം തിരുവല്ല രൂപതകളിൽ നിന്നുള്ള വൈദികരും കന്യാസ്ത്രീകളും അല്മായരുമുൾപ്പെടെയുള്ള വൻ വിശ്വാസസമൂഹമാണ് കൺവെൻഷന് എത്തിച്ചേർന്നത്.

## ദൈവനിവേശിതമായ ജീവിതം സന്ദേശമാക്കുമ്പോൾ പൗരോഹിത്യം സാർഥകമാകും: കർദിനാൾ മാർ വർക്കി വിതയത്തിൽ



ദൈവനിവേശിതമായ ജീവിതം സന്ദേശമാക്കുമ്പോൾ മാത്രമേ പൗരോഹിത്യം സാർഥകമാകുകയുള്ളുവെന്ന് സീറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ. വൈദിക വർഷാചരണത്തോടനുബന്ധിച്ച് സി.എം.ഐ സഭ വിഷൻ ആൻഡ് ചലഞ്ചസ് ഓഫ് പ്രീസ്റ്റ്ഹുഡ് ടുഡേ എന്ന വിഷയത്തിൽ കാക്കനാട് ചാവറ ഹിൽസിൽ സംഘടിപ്പിച്ച ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുരോഹിതൻ ജീവിക്കുന്നതും പ്രവർത്തിക്കുന്നതും ഈ ലോകത്തിലാണെങ്കിലും അവൻ ലോകത്തിന്റേതല്ല. അവന്റെ ജീവിതം ദൈവത്തിന്റെ വചനങ്ങൾക്കനുസൃതമായിരിക്കണം. ദൈവവചനങ്ങളെയും മനുഷ്യബലഹീനതകളെയും കുറിച്ച് വ്യക്തമായ അറിവും പുരോഹിതനുണ്ടാകണം. തന്റെ അജഗണത്തെ ദൈവാരൂപിയുടെ സഹായത്തോടെ നയിക്കാൻ ചുമതലപ്പെട്ടവനായ അപ്പസ്തോലൻമാരാണ് പൗരോഹിത്യത്തിലേക്ക് കടന്നു വന്നിട്ടുള്ളവർ. ദൈവവചനങ്ങൾക്കനുസരിച്ചുള്ള ജീവിതത്തിലൂടെ പുരോഹിതൻ തന്റെ പ്രസംഗവും പ്രവൃത്തിയും ജനങ്ങൾക്ക് മാതൃകയാക്കണമെന്നും കർദിനാൾ കൂട്ടിച്ചേർത്തു. ദൈവിക രഹസ്യങ്ങളുടെ ജീവിക്കുന്ന സുവിശേഷമായിരിക്കണം പുരോഹിതന്മാരെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ പറഞ്ഞു. കുരിശിൽ സ്വയംത്യജിച്ച് ബലിയായിത്തീരുകയും ഉയിർപ്പിലൂടെ രക്ഷയുടെ സന്ദേശം നൽകുകയും ചെയ്ത ക്രിസ്തുവിന്റെ ജീവിതം പിന്തുടരുന്നതിനുള്ള സന്ദേശവും വിളിയുമാണ് പൗരോഹിത്യം. ഇന്ത്യ ശാസ്ത്ര-സാങ്കേതിക-വ്യാവസായിക മേഖലകളിൽ ഏറെ മുന്നിലാണെങ്കിലും ഉള്ളവനും ഇല്ലാത്തവനും എന്ന തരത്തിലും ഭാഷ-ജാതി-വർഗം എന്നീ

നിലകളിലും വേർതിരിവ് ഏറെയാണെന്ന് കാതോലിക്കാ ബാവ പറഞ്ഞു. ദയാദാക്ഷിണ്യമില്ലാത്ത ഭീകരാക്രമണങ്ങൾക്കും ഇന്ത്യ വിധേയമായിക്കൊണ്ടിരിക്കുന്നു. സാമൂഹ്യമായ ഇത്തരം തിന്മകളെ സുവിശേഷത്തിന്റെ അന്തഃസത്തയിലൂടെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശത്തിലൂടെയും ഇല്ലായ്മ ചെയ്യാനുള്ള ശ്രമങ്ങൾ പുരോഹിതന്മാരിൽ നിന്നുണ്ടാകണം. വൈവിധ്യങ്ങളുടേതായ രാജ്യത്ത് ഏകത്വം എന്ന സന്ദേശം ഉയർത്തിപ്പിടിക്കുവാനാകണം. മനുഷ്യരെല്ലാം ഒന്നാണെന്ന സന്ദേശം ഉയർത്തിപ്പിടിക്കുന്നതിനൊപ്പം ഇന്ത്യയുടെ വിവിധ സംസ്കാരങ്ങളിൽ നിന്നും ആചാരങ്ങളിൽ നിന്നും നല്ല വശങ്ങൾ ഉൾക്കൊള്ളുവാൻ ആകണമെന്നും കാതോലിക്കാ ബാവ കൂട്ടിച്ചേർത്തു. പുരോഹിതൻമാരുടെ ദൗത്യത്തെക്കുറിച്ച് സഭ പഠിപ്പിക്കുന്നതിനെ സംശയദൃഷ്ടിയോടെ സമീപിക്കുന്ന ലേഖനങ്ങൾ ചില പുരോഹിതൻമാരായ തിയോളജിയൻമാരിൽ നിന്നുണ്ടായി വരുന്നുവെന്നത് അതിശയകരമാണെന്ന് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ പറഞ്ഞു. സഭയുടെ നേരേ ഒരു കാലത്ത് ഉയർന്നു വന്ന പാഷണ്ഡത കത്തോലിക്കാ തിയോളജിയൻമാരെന്നു ഭാവിക്കുന്ന ചിലർ വഴി തിരിച്ചു വിടാനുള്ള ശ്രമം നടത്തുന്നുവെന്നാണ് തനിക്ക് മനസിലാകുന്നത്. ക്രിസ്തുവിന്റെ ഉയിർപ്പിനെയും അമലോത്ഭവ മാതാവിനെയും സംശയത്തോടെ കാണുന്ന ലേഖനങ്ങളും കണ്ടുവരുന്നുണ്ടെന്നും മാർ പവ്വത്തിൽ ചൂണ്ടിക്കാട്ടി. രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ അടിസ്ഥാനത്തിൽ സഭാ പ്രബോധനങ്ങളിൽ വരുത്തിയ കൂട്ടിച്ചേർക്കലുകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ സഭയുടെ അതേ കാഴ്ചപ്പാടായിരിക്കണം പൗരോഹിത്യത്തെക്കുറിച്ചുമുണ്ടാകേണ്ടത്. സഭയുടെ പഠിപ്പിക്കലിനൊപ്പമായിരിക്കണം വൈദികരുടെ പ്രബോധനങ്ങളും - അദ്ദേഹം വ്യക്തമാക്കി. സി.എം.ഐ സഭാ പ്രിയോർ ജനറൽ ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ, ഡോ.ജാൻസി ജയിംസ് എന്നിവർ പ്രസംഗിച്ചു.

## വിശ്വാസികളുടെ പ്രാർഥന ആത്മവിശ്വാസം പകരുന്നു: ഡോ. ഫ്രാൻസീസ് കല്ലറയ്ക്കൽ



"ഞാൻ നിന്നോടു കൂടെയുണ്ട്, നീ എന്തിനു ഭയപ്പെടണം" എന്ന വാക്യമാണ് പുതിയ ദൗത്യമേറ്റെടുക്കുമ്പോൾ തനിക്ക് ശക്തിപകരുന്നതെന്ന് വരാപ്പുഴ നിയുക്ത ആർച്ച്ബിഷപ് ഡോ. ഫ്രാൻസീസ് കല്ലറയ്ക്കൽ. വിശ്വാസികളുടെ മനസും പ്രാർഥനയും എന്നോടൊപ്പം ഉണ്ടെന്നുള്ളത് എനിക്ക് ആത്മവിശ്വാസം പകരുന്നു. മെത്രാപ്പോലീത്തയായിരുന്ന കേളന്തറ പിതാവിനൊപ്പം ഏഴുവർഷക്കാലം സെക്രട്ടറിയായി പ്രവർത്തിച്ചതിന്റെ അനുഭവസമ്പത്തും പുതിയ നിയോഗത്തിന് മുതൽക്കൂട്ടാകുമെന്നുള്ള ഉറച്ച വിശ്വാസമാണുള്ളത്. കോട്ടപ്പുറം ബിഷപ്സ് ഹൗസിൽ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും പീസ് കൗൺസിൽ അംഗങ്ങളുടെയും സാന്നിധ്യത്തിൽ രൂപത ചാൻസലർ റവ.ഡോ. നിക്സൺ കാട്ടാശേരി പരിശുദ്ധ സിംഹാസനത്തിൽനിന്നുള്ള നിയമനവാർത്ത വായിക്കുമ്പോൾ സമ്മിശ്രപ്രതികരണമായിരുന്നു. സന്തോഷത്തോടൊപ്പം ദുഃഖവും തളം കെട്ടിയ വേദിയായി പ്രഖ്യാപനചടങ്ങ് മാറി. 22 വർഷക്കാലം തൊണ്ണൂറായിരത്തോളം വിശ്വാസികൾ നെഞ്ചോടുചേർത്ത് സ്നേഹിച്ച കല്ലറയ്ക്കൽ പിതാവ് ആർച്ച്ബിഷപ്പായതിന്റെ സന്തോഷത്തോടൊപ്പം ഇവിടെ നിന്നും യാത്രയാകുന്നതിന്റെ ദുഃഖവും അവർ മറച്ചുവച്ചില്ല.

## സാമൂഹികസേവനത്തിൽ ഇടപെടുന്നവരായി യുവാക്കൾ മാറണം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്



സാമൂഹ്യസേവനത്തിനായി പ്രവർത്തിക്കുന്നവരാകുവാൻ യുവാക്കൾക്ക് കഴിയണമെന്ന് എറണാകുളം - അങ്കമാലി അതിരൂപതാ സഹായ മെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്. പുതിയകാവ് സെന്റ് ഫ്രാൻസീസ് സേവ്യർ പള്ളിയിൽ നടന്ന കെസിവൈഎം എറണാകുളം-അങ്കമാലി അതിരൂപതാ പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഭക്തസംഘടനയാവുകയല്ല സാമൂഹ്യസേവനത്തിന് ഇടപ്പെടുന്നവരായി മാറാൻ കെസിവൈഎമ്മിന് കഴിയണമെന്ന് അദ്ദേഹം പറഞ്ഞു. സാമൂഹ്യപരമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുമ്പോഴാണ് യുവജനങ്ങൾ സജീവമാകുന്നതെന്നും പുതിയ പദ്ധതികളിലൂടെ സഭയ്ക്കും സമൂഹത്തിനും വളർച്ച നല്കുവാൻ കെസിവൈഎമ്മിന് കഴിയട്ടെയെന്നും അദ്ദേഹം പറഞ്ഞു. യോഗത്തിൽ കെസിവൈഎം അതിരൂപത പ്രസിഡന്റ് ഷിജോ മാത്യു കരുമത്തി അധ്യക്ഷത വഹിച്ചു. കെസിവൈഎം അതിരൂപത ഡയറക്ടർ ഫാ. തോമസ് മങ്ങാട്ട്, കെസിവൈഎം അതിരൂപതാ സെക്രട്ടറി അഗസ്റ്റിൻ കല്ലൂക്കാരൻ, കെസിവൈഎം അതിരൂപതാ വൈസ് പ്രസിഡന്റ് സജി വടശേരി, സ്പർശ് ഡയറക്ടർ ഫാ. ജെറി ഞാളിയത്ത്, കെ.സി.വൈ.എം തൃപ്പൂണിത്തുറ ഫൊറോന ഡയറക്ടർ ഫാ. ജോസഫ് ഡി. പ്ലാക്കൽ,

കെസിവൈഎം മുൻ ഭാരവാഹികളായ റെജി മാത്യു, അഡ്വ. ബിനു ജോൺ, കെസിവൈഎം ഭാരവാഹികളായ തങ്കച്ചൻ പേരേപ്പറമ്പിൽ, ഫൊറോന പ്രസിഡന്റ് ജിനു വിൻസന്റ്, ജാക്സൺ ഫ്രാൻസീസ് എന്നിവർ പ്രസംഗിച്ചു. യൂത്ത് അപ്പോസ്റ്റലേറ്റിന്റെ വെബ്സൈറ്റ് ഉദ്ഘാടനം മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് നിർവഹിച്ചു.

## പരിസ്ഥിതി ദുർബല പ്രദേശ പ്രഖ്യാപനം പ്രതിഷേധാർഹം: കാത്തലിക് ഫെഡറേഷൻ

ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പഞ്ചോല, പീരുമേട് താലൂക്കുകൾ പരിസ്ഥിതി പ്രധാന മേഖലകളായി പ്രഖ്യാപിക്കുമെന്ന് സർക്കാർ ഹൈക്കോടതിക്കു നൽകിയ റിപ്പോർട്ട് കർഷകദ്രോഹപരവും പ്രതിഷേധാർഹവുമാണെന്ന് കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് യോഗം കുറ്റപ്പെടുത്തി. കുടിയേറ്റ കർഷകർ ഏറ്റവുമധികം തിങ്ങിപ്പാർക്കുന്ന മേഖലയാണ് ഈ മൂന്നു താലൂക്കുകളും. കേരളത്തിലെ ഏറ്റവും വലിയ പ്ലാന്റേഷൻ മേഖലയും ഇതുതന്നെയാണ്. 2005ൽ പാസാക്കിയ നിയമം അനുസരിച്ച് കാപ്പി, തേയില, റബർ, തെങ്ങ്, കശുമാവ് എന്നിവ കൃഷി ചെയ്യുന്ന ഭൂമി പരിതസ്ഥിതി ദുർബലപ്രദേശമായി പ്രഖ്യാപിക്കാൻ സാധിക്കുകയില്ല. മലയോര കർഷകരെ ദ്രോഹിക്കാൻ സർക്കാർ നടത്തുന്ന ഏതു നീക്കത്തെയും സമാനചിന്താഗതിക്കാരുമായി ചേർന്ന് ശക്തിയുദ്ധം നേരിടുന്നതിന് കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ തീരുമാനിച്ചു. കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ ദേശീയ പ്രസിഡന്റ് അഡ്വ. പി.പി ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ. ഡോ. മാണി പുതിയിടം, റവ. ഡോ. ടോം കുന്നുംപുറം, ഹെൻറി ജോൺ, അഡ്വ. ജോർജ് വർഗീസ്, കെ.സി ആന്റണി, ബിനോയ് ആച്ചോത്ത്, പ്രഫ. ലീനാ ജോസ് ടി. എന്നിവർ പ്രസംഗിച്ചു.

*ഡിവൈൻ ധ്യാനകേന്ദ്രത്തിനെതിരെയുള്ള ആരോപണങ്ങൾ സുപ്രീം കോടതി തള്ളിയ നടപടി സ്വാഗതാർഹം*

*കെ.സി.ബി.സി ജാഗ്രതാസമിതി*

*വിശ്വാസസമൂഹം സദ്പ്രവൃത്തികളിലൂടെ സമൂഹത്തിന് നന്മയുടെ വെളിച്ചം പകരണം. ആഡംബരവും ധൂർത്തും ഒഴിവാക്കി നിർധനരുടെ ക്ഷേമം ഉറപ്പാക്കുവാൻ വിശ്വാസസമൂഹം പ്രതിജ്ഞാബദ്ധരാകണം.*

*മാർ ജോസഫ് പെരുന്തോട്ടം*

**"Jagratha News"** – An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA